REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പൾസ് പോളിയോ പ്രതിരോധ പരിപാടി രാജ്യവ്യാപകമായി പുരോഗമിക്കുന്നു.**
- **കുഞ്ഞുങ്ങളെ രോഗങ്ങളിൽനിന്നും മുക്തരാക്കി, പ്രതിരോധശേഷി കൈവരിക്കുകയെന്നത് വളരെ പ്രധാനമാണെന്ന് മന്ത്രി വീണാ ജോർജ്.**
- **നരേന്ദ്രമോദി ഗവൺമെന്റ് കേരളത്തിന് ഉയർന്ന പരിഗണനയാണ് നൽകുന്നതെന്ന് കേന്ദ്ര സഹമന്ത്രി**
- **സുരേഷ് ഗോപി**
- **വിഷൻ 2031" ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാന തല വികസന സെമിനാർ നാളെ രാവിലെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **ഇന്ത്യ- വെസ്റ്റിൻഡീസ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസം വിൻഡീസ്, ബാറ്റിംഗ് തകർച്ചയിൽ.**

## വാർത്തകൾ വിശദമായി

പോളിയോ വൈറസ് നിർമ്മാർജ്ജനം ലക്ഷ്യമിട്ട് അഞ്ച് വയസിൽ കുറഞ്ഞ കുട്ടികൾക്കായി പൾസ് പോളിയോ പ്രതിരോധ പരിപാടി പുരോഗമിക്കുന്നു. ഉയർന്ന വാക്സിനേഷൻ നിരക്ക് രേഖപ്പെടുത്തിയ ജില്ലകളെ ഒഴിവാക്കി തിരഞ്ഞെടുത്ത ജില്ലകളിലാണ് ഇത്തവണ രാജ്യത്ത് പൾസ് പോളിയോ പ്രതിരോധ പരിപാടി നടത്തുന്നത്. 99 ശതമാനത്തിലേറെ വാക്സിനേഷൻ

നടത്തിയ ഇടുക്കി ഒഴികെ കേരളത്തിൽ 13 ജില്ലകളിൽ പൾസ് പോളിയോ പ്രതിരോധ പരിപാടി നടത്തുന്നുണ്ട്.

✪✪✪

കുഞ്ഞുങ്ങളെ രോഗങ്ങളിൽനിന്നും മുക്തരാക്കി, പ്രതിരോധശേഷി കൈവരിക്കുകയെന്നത് വളരെ പ്രധാനമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. പത്തനംതിട്ട കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ പൾസ് പോളിയോ പ്രതിരോധയജ്ഞത്തിന്റെ സംസ്ഥാനതല ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി എസ് ശ്രീധർ...

........വോയ്സ്......

അഞ്ചുവയസിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങളുടെയും മാതാപിതാക്കൾ പോളിയോ നിർമ്മാർജ്ജന തീവ്രയജ്ഞത്തിൽ പങ്കാളികളാകണമെന്നും

ഇക്കാര്യത്തിൽ മാതാപിതാക്കളുടെയും സമൂഹത്തിന്റ്യും റോൾ വളരെ നിർണ്ണായകമാണെന്നും മന്ത്രി പറഞ്ഞു. നമ്മുടെ സംസ്ഥാനത്തെ ശിശുമരണ നിരക്ക് അഞ്ചാണെന്നും നവജാതശിശുമരണ നിരക്ക് മൂന്നിനും നാലിനും ഇടക്കാണെന്നും അത് വീണ്ടും കുറക്കാനുള്ള ശ്രമമാണ് നടന്നുവരുന്നതെന്നും മന്ത്രി പറഞ്ഞു. ആരോഗ്യപ്രവർത്തകരുടെ അക്ഷീണമായ പ്രവർത്തനവും ജനപ്രതിനിധികളടക്കമുള്ള പൊതുസമൂഹവും ഇതിനായി വഹിക്കുന്ന പങ്ക് വളരെ വലുതാണെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് ഇടുക്കി ഒഴികെയുള്ള 13 ജില്ലകളിലെ 3/5 ദിവസം പ്രായമായ കുഞ്ഞുങ്ങൾക്ക് ഉൾപ്പെടെ അഞ്ച് വയസുവരെയുള്ള 21,11,010 കുഞ്ഞുങ്ങൾക്കാണ് പ്രത്യേകം സജ്ജീകരിച്ച 22,383 പോളിയോ ബൂത്തുകൾ വഴി തുള്ളിമരുന്ന് നൽകുക. ഇന്ന് തുള്ളിമരുന്ന് നൽകാൻ കഴിയാത്ത കുഞ്ഞുങ്ങൾക്ക് നാളെയും മറ്റെന്നാളുമായി വോളണ്ടിയർമാർ വീടുകളിൽ എത്തി തുള്ളിമരുന്ന് നൽകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹാം അധ്യക്ഷതവഹിച്ച ചടങ്ങിൽ. ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന, ലോകാരോഗ്യ സംഘടനാ പ്രതിനിധികളായ ഡോ. ആശാ രാഘവാൻ, ഡോ. സൈറ ഭാനു, ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ ഡോ. വി. മീനാക്ഷി തുടങ്ങിയവർ പങ്കെടുത്തു

✪✪✪

പൾസ് പോളിയോ ഇമ്യൂണൈസേഷൻ പരിപാടിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. KK രാജാറാം നിർവഹിച്ചു.

കോഴിക്കോട് 2,06,363 കുട്ടികൾക്ക് ഇന്ന് പോളിയോ തുള്ളിമരുന്ന് നൽകാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

കുറഞ്ഞ ശിശുമരണ നിരക്കിൽ കേരളം അമേരിക്കയെ പിന്നിലാക്കിയെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. സമഗ്ര ശിശു വികസന പദ്ധതിയുടെ 50--ാം വാർഷികത്തോടനുബന്ധിച്ച് 'സുവർണസ്മിതം' സാംസ്കാരിക സമ്മേളനം മലപ്പുറത്ത് ഇന്നലെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അമേരിക്കയിലെ ശിശുമരണ നിരക്ക് 5.6 ഉം കേരളത്തിലേത് അഞ്ചുമാണ്. അങ്കണവാടികൾ അടക്കം പ്രസ്ഥാനങ്ങൾ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യം ശ്രദ്ധിക്കുന്നതുകൊണ്ടാണ് കേരളം പുരോഗതി കൈവരിച്ചതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ഭിന്ന ശേഷി നിയമന പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നാളെ തിരുവനന്തപുരത്ത് യോഗം ചേരും. രാവിലെ 11ന് മുഖ്യമന്ത്രിയുടെ ഓഫീസിലാണ് യോഗം. മന്ത്രി V ശിവൻകുട്ടി, ഉന്നതതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ആഗോള നിലവാരത്തോട് കൂടിയ ജലഗതാഗത സംവിധാനമാണ് സംസ്ഥാനത്ത് ഒരുക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇടക്കൊച്ചിയിലും തോപ്പുംപടിയിലും പുതിയ ടെർമിനലുകൾ നിർമ്മിക്കുന്നതിന് ടെണ്ടർ നടപടി ആരംഭിച്ചതായി മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കടമക്കുടിയിലെ ടെർമിനൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇവ യാഥാർത്ഥ്യമാകുന്നതോടെ എറണാകുളം തോപ്പുംപടി, മട്ടാഞ്ചേരി, കുമ്പളം, ഇടക്കൊച്ചി എന്നിവയെ പുതിയ ജലഗതാഗത സംവിധാനം രൂപം കൊള്ളുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മുംബൈ അടക്കം 20 നഗരങ്ങളിൽ വാട്ടർമെട്രോയുടെ സാധ്യതാ പഠനങ്ങൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

"വിഷൻ 2031" ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാന തല വികസന സെമിനാർ നാളെ രാവിലെ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി V.ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷനായിരിക്കും.

തദ്ദേശ വകുപ്പിന്റെ 'വിഷൻ 2031' സെമിനാർ 2025ഉം നാളെ നടത്തും. പാലക്കാട് കോസ്മോപൊളിറ്റൻ ക്ലബ്ബിൽ മന്ത്രി M B രാജേഷ് കരട് നയരേഖ അവതരിപ്പിക്കും.

ധനകാര്യവകുപ്പിന്റെ സെമിനാറും നാളെയാണ്. കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ രാവിലെ 'ധനകാര്യവകുപ്പ് : നേട്ടങ്ങളും ഭാവികാഴ്ചപ്പാടുകളും' എന്ന സെമിനാറിൽ മന്ത്രി KN ബാലഗോപാൽ അധ്യക്ഷനായിരിക്കും.

✪✪✪

രാജ്യത്തിന്റെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തമുറപ്പിക്കാൻ ലക്ഷ്യമിടുന്ന വികസിത് ഭാരത് ബിൽഡത്തോൺ 2025-ന് നാളെ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രാജ്യവ്യാപകമായി എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടത്തും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം. വിജയികളെ ഡിസംബറിൽ പ്രഖ്യാപിക്കും.

✪✪✪

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെന്റ് മത്സരങ്ങളുടെ രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും. മൈഭാരത് പോർട്ടൽ വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. 18 നും 25 നും ഇടയിൽ പ്രായക്കാർക്കാണ് അവസരം.

✪✪✪

നരേന്ദ്രമോദി ഗവൺമെന്റ് കേരളത്തിന് ഉയർന്ന പരിഗണനയാണ് നൽകുന്നതെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. കണ്ണൂർ മട്ടന്നൂരിൽ രാജ്യസഭാംഗം C സദാനന്ദൻ മാസ്റ്ററുടെ ഓഫീസും MP യുടെ പൗരസ്വീകരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

BJP ദേശീയ ഉപാധ്യക്ഷൻ AP അബ്ദുള്ളക്കുട്ടി, വത്സൻ തില്ലങ്കേരി, BJP സൗത്ത് ജില്ലാ പ്രസിഡണ്ട് ബിജു ഏളക്കുഴി തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു.

✪✪✪

ശബരിമലയിലെ സ്വർണം കാണാതായ സംഭവം കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ആവശ്യപ്പെട്ടു. സ്വർണപ്പാളി മോഷണം ഗവൺമെന്റ് അറിഞ്ഞില്ലെന്നത് വിശ്വസിക്കാനാവില്ലെന്നും ദേവസ്വം ബോർഡ് ഇതിൽ ഉത്തരവാദികളാണെന്നും വേണുഗോപാൽ പറഞ്ഞു.

✪✪✪

ശബരിമല സ്വർണപ്പാളി വിഷയത്തിൽ ഏത് അന്വേഷണമായും സഹകരിക്കുമെന്ന് ദേവസ്വം ബോർഡ് മുൻ കമ്മീഷണർ N വാസു പറഞ്ഞു. അന്വേഷണ സംഘത്തിൽ നിന്നും ഇതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്നും സ്വർണം കടത്തിയതിൽ പങ്കില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. സ്വർണമോഷണകാലത്ത് ദേവസ്വം ബോർഡിലുണ്ടായിരുന്നില്ലെന്നും അതിനാൽ കൂടുതൽ കാര്യങ്ങളറിയില്ലെന്നും N വാസു പ്രതികരിച്ചു.

✪✪✪

ശബരിമല വിഷയത്തിൽ FIR കോടതിയിലെത്തുമ്പോൾ നോക്കാമെന്നും നിയമപരമായി അന്വേഷണത്തെ നേരിടുമെന്നും ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A പത്മകുമാർപറഞ്ഞു . വീഴ്ചയുണ്ടായോ എന്ന് കോടതി പരിശോധിക്കട്ടെയെന്നും നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കണ്ണൂർ തളിപ്പറമ്പ് നാടുകാണിയിൽ സൂ -സഫാരി പാർക്ക് നിർമിക്കുന്നതിന് അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചു.

253 ഓളം ഏക്കർ ഭൂമിയിലാണ് പാർക്ക് സ്ഥാപിക്കുന്നത്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

.......വോയ്സ്.........

മൃഗങ്ങളെ കണ്ടുകൊണ്ടുള്ള സഫാരിയായിരിക്കും പാർക്കിന്റെ പ്രധാന ആകർഷണം. ഇതിനൊപ്പം മ്യൂസിയവും ബയോളജിക്കൽ പ്ലാന്റേഷനുമുണ്ടാകും. പ്രകൃതിയെ അതേപടി നിലനിർത്തി സ്വാഭാവിക വനവൽക്കരണം നടത്തിയാകും രൂപകൽപ്പന. മൃഗശാലകൾ ഇല്ലാത്ത കണ്ണൂർ ജില്ലയിലാണു സംസ്ഥാനത്ത് പ്രഥമ സൂ സഫാരി പാർക്ക് പണിയുന്നതെന്ന പ്രത്യേകതയുമുണ്ട്. സൂ സഫാരി പാർക്കിലേക്കുള്ള മൃഗങ്ങളെയും അപൂർവ ജീവികളെയും തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിൽനിന്ന് കൊണ്ടുവരാൻ പദ്ധതിയിടുന്നുണ്ട്. മൃഗങ്ങളെയും പക്ഷികളെയും കൈമാറ്റ സംവിധാനത്തിലൂടെ രാജ്യത്തെ ഇതര മൃഗശാലകളിൽനിന്ന് എത്തിക്കും. റിട്ടയർഡ് ഐ.എഫ്.എസ് ഉദ്യോഗസ്ഥൻ ജെയിംസ് വർഗീസിന്റെ നേതൃത്വത്തിൽ ആണ് സമിതി പ്രവർത്തിക്കുക. ജനുവരി അവസാനത്തോടെ വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കും. സർക്കാർ അംഗീകാരം ലഭിക്കുന്നതോടെ ടെണ്ടർ നടപടികളിലേക്ക് കടക്കും.

✪✪✪

ഇന്ത്യ- വെസ്റ്റിൻഡീസ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസം വിൻഡീസ്, ബാറ്റിംഗ് തകർച്ചയിൽ. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വിൻഡീസ് 9 വിക്കറ്റ് നഷ്ടത്തിൽ 221 റൺസെടുത്തിട്ടുണ്ട്.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും. വിശാഖപട്ടണത്ത് ഉച്ചകഴിഞ്ഞ് മൂന്നിന് മത്സരം ആരംഭിക്കും.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ ഉച്ചകഴിഞ്ഞ്  മന്ത്രി PA മുഹമ്മദ് റിയാസ് ഫറോക്കിൽ ഉദ്ഘാടനം ചെയ്യും.  ഫറോക്ക് ചാലിയാർ പുഴയിൽ ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തിയാണ് CBL മത്സരങ്ങൾ നടത്തുന്നത്.  ചാലിയാർ പുഴയിൽ ഫറോക്ക് പുതിയ പാലത്തിനും പഴയ പാലത്തിനും ഇടയിലാണ് മത്സരങ്ങൾ.

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ 14 ചുരുളൻ വള്ളങ്ങൾ മത്സരത്തിൽ പങ്കെടുക്കും. ഓരോ വള്ളത്തിലും 30 വീതം തുഴച്ചിലുകാർ ഉണ്ടായിരിക്കും.  20 ലക്ഷം രൂപയാണ് മൊത്തം സമ്മാന തുക.  വൈകീട്ട്  വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

മുംബൈ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച  ധീരജവാൻ മേജർ സന്ദീപ് ഉണ്ണികൃഷ്ണന്റെ സ്മരണയ്ക്കായി നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ 26 സ്പെഷ്യൽ കോമ്പോസിറ്റ് ഗ്രൂപ്പ് മുംബൈയിൽ സൈക്ലത്തോൺ സംഘടിപ്പിച്ചു. NSG സ്ഥാപക ദിനാഘോഷങ്ങളുടെ തുടക്കം കുറിക്കുന്ന പരിപാടി സെർവിക്കൽ ക്യാൻസറിനെക്കുറിച്ചും ഫിറ്റ് ഇന്ത്യ ക്യാമ്പിംഗിനെക്കുറിച്ചും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിക്കുന്നത്.

✪✪✪

ദേശീയ സ്കൂൾ ഫുട്ബോൾ കിരീടം നേടിയ കേരള ടീമിന് മന്ത്രി V ശിവൻ കുട്ടി സ്വീകരണം നൽകി. മന്ത്രിയുടെ തിരുവനന്തപുരത്തെ ഔദ്യോഗിക വസതിയിലായിരുന്നു സ്വീകരണം.

✪✪✪

സൂപ്പർ ലീഗ് കേരള രണ്ടാം സീസണിലെ രണ്ടാംമത്സരത്തിന് മലപ്പുറം FC ടീം ഇന്നിറങ്ങും. സ്വന്തം തട്ടകമായ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ കണ്ണൂർ വാരിയേഴ്സിനെയാണ് ടീം നേരിടുന്നത്. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം

✪✪✪

കോഴിക്കോട് സായി സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫിറ്റ് ഇന്ത്യ വാക്കത്തോൺ സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ഒ രാജഗോപാൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 14ന് ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്ന ഒ രാജഗോപാലിനെ ചടങ്ങിൽ ആദരിച്ചു.

✪✪✪

കണ്ണൂർ പറശ്ശിനിക്കടവ് തീർത്ഥാടന കേന്ദ്ര വികസന പദ്ധതികൾ നാളെ രാവിലെ മന്ത്രി KB ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും. രണ്ട് ബോട്ട് സർവ്വീസുകളും മന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

മൂന്നര കോടി രൂപ ചെലവഴിച്ച് വിപുലീകരിക്കുന്ന ബോട്ട് ടെർമിനൽ, ഒരു കോടി രൂപയുടെ പറശ്ശിനിക്കടവ് നദി സംരക്ഷണ പദ്ധതി, പറശ്ശിനിക്കടവ് സൗന്ദര്യ വൽക്കരണം എന്നിവയാണ് മന്ത്രി ഉദ്ഘാടനം ചെയ്യുന്ന പ്രവൃത്തികൾ.

✪✪✪

സ്കൂളുകളിലെ പരിശോധനകളിൽ ബാലാവകാശ കമ്മീഷന്റെ പല ഉത്തരവുകളും വ്യാപകമായി തെറ്റിദ്ധരിക്കുന്നുണ്ടെന്ന് കമ്മീഷൻ ചെയർപേഴ്സൺ KV മനോജ്കുമാർ പറഞ്ഞു. കണ്ണൂർ ധർമ്മടത്ത് ഗവൺമെന്റ്, എയ്ഡഡ് സ്കൂൾ അധ്യാപകർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചില സ്കൂളുകളിൽ പരിശോധനയിൽ കണ്ടെടുക്കുന്ന മൊബൈൽ ഫോണുകൾ വിൽപ്പന നടത്തി PTA ഫണ്ടിലേക്ക് സ്വരുക്കൂട്ടുന്ന സ്ഥിതിയുണ്ട്. ഇത് തെറ്റായ പ്രവണതയാണെന്ന് കമ്മീഷൻ ചെയർപേഴ്സൺ പറഞ്ഞു. വിദ്യാർത്ഥികളിൽ നിന്നും മൊബൈൽ ഫോൺ പിടിച്ചെടുത്താൽ രക്ഷിതാക്കളെ അറിയിച്ച് അത് തിരിച്ചു നൽകേണ്ട ഉത്തരവാദിത്വം അധ്യാപകർക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഉത്തരവുകൾ കൃത്യമായി മനസ്സിലാക്കി അധ്യാപകർ പാലിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*NRTs: രജിന കെ ആസാദ്, അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*